(ബി) പ്രസ്തുത പ്രവൃത്തി യഥാർത്ഥത്തിൽ എന്നാണ് പൂർത്തീകരിക്കേണ്ടത്; യഥാർത്ഥ സമയത്തിനകം തന്നെ നവീകരിച്ച പാത ഗതാഗതത്തിനു തുറന്നു കൊടുക്കുവാൻ സാധിക്കുമോ;

(സി) പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിൽ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ വികസനം ത്വരിതഗതിയിൽ നടന്നു വരുന്നു. ഇപ്പോൾ ഏകദേശം 70% പൂർത്തീകരിച്ചിട്ടുണ്ട്. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപ്പാതയുടെ വികസന പ്രവൃത്തികൾ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണവും കൺസഷ്ണയർന് ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണവും പണി 7-10-2014-ൽ മാത്രമാണ് വീണ്ടും തുടങ്ങാൻ സാധിച്ചത്. ഇപ്പോൾ 5% പണി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരിപ്പാത പൂർത്തിയാക്കേണ്ട സമയപരിധി 13-11-2015 ആണ്. ഈ സമയപരിധിക്കുള്ളിൽ തന്നെ പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയ പരിധി 6-4-2013 ആയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പണി തുടങ്ങുന്നതിനുള്ള സമയം 15-9-2012 ആയി പുനർ നിർണ്ണയിക്കുകയുണ്ടായി. എന്നാൽ ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണം 7-10-2014-ലാണ് കൺസഷ്ണയർ പണി ആരംഭിച്ചത്. 31-3-2016-നകം പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) സ്ഥലം വിട്ടുനൽകുന്നതിലെ പ്രശ്നങ്ങൾ, BOT വ്യവസ്ഥയോടുള്ള പൊതുജനങ്ങളുടെ എതിർപ്പ്, നഷ്ടപരിഹാര തുക ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രശ്നങ്ങൾ തുടങ്ങിയവയായിരുന്നു പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിലുണ്ടായ തടസങ്ങൾ. ഇപ്പോൾ ടി തടസ്സങ്ങളെല്ലാം മാറി 7-10-2014-ൽ പണി ആരംഭിച്ചിട്ടുണ്ട്.

S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ

291(4923) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ, S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ, ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകാരത്തിനായുള്ള അപേക്ഷ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെണ്ടർ അംഗീകരിക്കുന്നതു സംബന്ധിച്ചു എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ S.A.R.B.T.M. ഗവൺമെന്റ് കോളേജിലെ ചുറ്റുമതിൽ നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ അംഗീകാരത്തിനായുള്ള അപേക്ഷ 26-9-2014-ൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് സമർപ്പിക്കാൻ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ നിർദ്ദേശം സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് കമ്മിറ്റിയിൽ പരിശോധിച്ച് ഇതുസംബന്ധിച്ച് ഉത്തരവിറക്കുന്നതാണ്.

സപ്ലൈകോ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ പേരും വിലയും

292(4925) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (2011 മേയ്) സപ്ലൈക്കോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങളുടെ പേരും അന്നത്തെ വിലയും വ്യക്തമാക്കാമോ;

(ബി) 2014 നവംബറിൽ സപ്ലൈക്കോയുടെ വിതരണം ചെയ്ത സബ്സിഡി സാധനങ്ങളുടെ പേരും അവയുടെ വിലയും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മെയ് മാസം സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.

(ബി) 2014 നവംബർ മാസത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സബ്സിഡി സാധനങ്ങളുടെവിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.*

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

(നക്ഷത്ര ചിഹ്നമിടാത്ത 4598, 4599, 4601, 4603, 4606, 4607, 4608, 4609, 4612, 4619, 4629, 4631, 4637, 4642, 4643, 4659, 4664, 4678, 4679, 4681, 4686, 4688, 4690, 4698, 4704, 4705, 4706, 4708, 4713, 4714, 4715, 4717, 4718, 4719, 4721, 4722, 4723, 4825 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly